

ഫോട്ടോ : മധുരാജ് (മാതൃഭൂമി)

# പ്ലാച്ചിമട സമരം അഭിമുഖീകരിക്കുന്നത്

എൻ.പി. ജോൺസൺ

പ്ലാച്ചിമട സമരം നേരിടുന്ന ആന്തരികവും ബാഹ്യവുമായ പ്രതിസന്ധികളെ ഒരർത്ഥത്തിൽ കേരളത്തിലെ ജനപക്ഷ ജനാധികാര രാഷ്ട്രീയ പ്രവർത്തനം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്നുകൂടി വിശേഷിപ്പിക്കാം.

പ്ലാച്ചിമടയിലെ ആദിവാസികളും കർഷകരും സമരമാരംഭിച്ചത് പ്രധാനമായും മൂന്ന് പ്രശ്നങ്ങൾ മുൻനിർത്തിയാണ്. 1) കമ്പനിപരിസരത്തെ കിണറുകൾ കൊക്കകോള കമ്പനിയിലെ അവശിഷ്ടജലം കിനിഞ്ഞിറങ്ങി ഉപയോഗശൂന്യമായിത്തീർന്നത് 2) പ്രതിദിനം 23 ലക്ഷം ലിറ്റർ ഭൂഗർഭജലമൂറ്റുകയും 5 ലക്ഷം ലിറ്റർ ഉത്പന്നമായി വിൽക്കുകയും ചെയ്യുന്നതുമൂലം സംഭവിച്ച ജലശോഷണം - മണ്ണിന്റെയും ജലത്തിന്റെയും രാസഭൗതിക ഘടനയിലും സ്വഭാവത്തിലും വന്ന മാറ്റം സൃഷ്ടിച്ച കാർഷിക പ്രതിസന്ധി. 3) വളമെന്ന് തെറ്റിദ്ധരിപ്പിച്ച് വിതരണം ചെയ്യപ്പെട്ട 200 ടണ്ണോളം ഖരമാലിന്യം മൂലം കൃഷിയിടങ്ങളും കമ്പാലത്തറ ജലസംഭരണിയും ചിറ്റൂർ പുഴയും മലിനമാക്കപ്പെട്ടത്. പിന്നീട് ബി.ബി.സി. റോഡിയോയുടെ മുൻകൈയിൽ നടന്ന ശാസ്ത്രീയ പരിശോധനയിൽ ഈ മാലിന്യത്തിലും പരിസരത്തെ കിണറുകളിലും അനുവദനീയമായതിനേക്കാൾ വളരെ കൂടിയ അളവിൽ കാഡ്മിയം, ലെഡ് എന്നീ മാരക മാലിന്യങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും കേരള മലിനീകരണ നിയന്ത്രണ ബോർഡും കേന്ദ്ര ഭൂജല ബോർഡും വെവ്വേറെ പഠനങ്ങളിലൂടെ ഇക്കാര്യം സ്ഥിരീകരിക്കുകയും ചെയ്തു. പ്ലാച്ചിമട സമരം പ്രാരംഭത്തിൽ തന്നെ ഉന്നയിച്ച മലിനീകരണത്തിന്റെയും ജലശോഷണത്തിന്റെയും പ്രശ്നങ്ങൾക്ക് ഉത്തരവാദിയെന്ന് സ്ഥിരീകരിക്കപ്പെട്ട കൊക്കകോള കമ്പനി ഇനിയും ശിക്ഷിക്കപ്പെടാതെ പോകുന്നത് എന്തുകൊണ്ടാണ്? കൊക്കകോളയുടെ ധനശേഷി, നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ മൂല്യാപചയം, സാമൂഹിക സ്ഥാപനങ്ങളുടെ ഉത്തരവാദിത്ത രാഹിത്യം, പ്രതിരോധ പ്രവർത്തകരുടെ ജാഗ്രതക്കുറവ് തുടങ്ങി പലതും കാരണമാകാം.

പ്ലാച്ചിമട സമരം ലോകശ്രദ്ധ നേടിയെന്നതും പേരിനെങ്കിലും കോളകൾ നിരോധിക്കാൻ സർക്കാർ നിർബന്ധമായി എന്നതും കേരളത്തിൽ കോളവിൽപ്പന ഗണ്യമായി കുറഞ്ഞുവെന്നതും കോളക്കമ്പനി താൽക്കാലികമായി ഉൽപ്പാദനം നിർത്തിവയ്ക്കാൻ നിർബന്ധിതമായി എന്നതും തീർച്ചയായും ഈ ഐതിഹാസിക സമരത്തിന്റെ നേട്ടങ്ങൾതന്നെയാണ്. എന്നാൽ കേരളത്തിലെ ഏതാണ്ടെല്ലാ രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളും മാധ്യമങ്ങളും പിന്തുണ നൽകിയിട്ടും ഈ സമരം വിജയം കാണാനാകാതെ അനിശ്ചിതമായി തുടരുന്നതെന്തുകൊണ്ടാണെന്നത് വിശദ പരിശോധന അർഹിക്കുന്ന സംഗതിയാണ്. സമരത്തിനാസ്പദമായി ഉന്നയിക്കപ്പെട്ട മുഖ്യപ്രശ്നങ്ങൾക്കൊന്നും നാളിതുവരെയും പരിഹാരം കാണാനായിട്ടില്ലെന്നത് സമരപ്രവർത്തകർക്കു മുമ്പിൽ ഒരു വെല്ലുവിളിയായ് അവശേഷിക്കുന്നു.

പ്ലാച്ചിമട പ്രശ്നവുമായി ബന്ധപ്പെട്ട നിയമ വ്യവഹാരങ്ങൾ സത്വര പരിഹാരം തേടേണ്ട ചില സംഗതികൾ പൊതുസമൂഹത്തിനുമുമ്പിൽ ഉയർത്തിയിട്ടുണ്ട്. ഇതിലാദ്യത്തേത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരവുമായ് ബന്ധപ്പെട്ടതാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച ജലനയപ്രകാരം കുടിവെള്ള ആവശ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. ദൗർഭാഗ്യവശാൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് യാതൊരു സാമൂഹിക പ്രാധാന്യവുമില്ലാത്ത ഒരു വ്യവസായത്തിന്റെ ജലോപയോഗത്തിന് സംരക്ഷണം നൽകാനാണ് ശ്രമിച്ചത്. വിശേഷിച്ചും അതീവ



ഫോട്ടോ : ഗിരീഷ്

വരൾച്ചാബാധിതമായ ഒരു പ്രദേശത്തു താമസിക്കുന്ന പരമദരിദ്രരായ ആദിവാസികളുടെ ജലസുരക്ഷ ഉറപ്പു വരുത്തുന്നതിനുപോലും പഞ്ചായത്തുകൾക്ക് അധികാരമില്ലെന്ന നിലപാടാണ് കോടതി സ്വീകരിച്ചത്. ഒരു കോർപ്പറേറ്റ് സ്ഥാപനത്തിന് ഒരു വ്യക്തിയെപ്പോലെ സ്വേച്ഛാനുസരണം സ്വന്തം സ്ഥലത്തുനിന്നും ഭൂഗർഭജലം ചൂഷണം ചെയ്യാനവകാശമുണ്ട് എന്ന കണ്ടെത്തലാണ് കോടതി നടത്തിയത് ജലവിഭവപഠനകേന്ദ്രം (CWRDM) എന്ന സ്ഥാപനം വസ്തുതകളെ വളച്ചൊടിച്ചും വിശദാംശങ്ങൾ മറച്ചുവെച്ചും തയ്യാറാക്കിയ പക്ഷപാതപരമായ ഒരു റിപ്പോർട്ടിന്റെ ബലത്തിലാണ് കോടതി ബഹുരാഷ്ട്രഭീമനെ സഹായിക്കാനുള്ള വഴി കണ്ടെത്തിയത്. മലിനീകരണ പ്രശ്നം പരിഗണിക്കാൻ പോലും കോടതി തയ്യാറായില്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന് വിദഗ്ദജ്ഞാനം ഇല്ലെന്ന തൊടുന്യായം കണ്ടെത്തിയ കോടതി പിന്നീട് ഒരു വിശദീകരണ ഉത്തരവിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ലൈസൻസ് പുതുക്കി കൊടുക്കുന്നതിന് പഞ്ചായത്ത് ആവശ്യപ്പെടേണ്ട കാര്യമില്ലെന്ന വിചിത്രമായ നിലപാടെടുക്കുകയും ചെയ്തു.

### വിദഗ്ദ്ധസ്ഥാപനങ്ങളുടെ ജനവിരുദ്ധ നിലപാടുകൾക്കെതിരായ സമരം

ആദ്യഘട്ടത്തിൽ കോളക്കമ്പനി നടത്തിയ മലിനീകരണം തെളിയിക്കാനായിട്ടില്ലെന്ന നിലപാടെടുത്ത മലിനീകരണ നിയന്ത്രണബോർഡ് ഇക്കാര്യം പിന്നീട് തിരുത്തുകയും ഏറ്റവുമൊടുവിൽ കമ്പനി ഉൽപാദനം നിർത്തിവെയ്ക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. എന്നാൽ അപായകരമായ മാലിന്യങ്ങൾ ഉൽപ്പാദിപ്പിച്ചതിന്റെയും കിണറുകളും കൃഷിയിടങ്ങളും ജലസംഭരണിയും പുഴയും തത്ഫലമായി മലിനീകരിച്ചതിന്റെയും പേരിൽ കമ്പനിക്കെതിരെയുള്ള തെളിവുകൾ സമാഹരിക്കുന്നതിനോ നിർദ്ദിഷ്ട ശാസ്ത്രീയ പരിശോധനാമാർഗ്ഗങ്ങൾ പൂർണമായും അവലംബിച്ച് കോള കമ്പനിയെ കുറ്റവിചാരണ നടത്തുന്നതിനോ നാളിതുവരെയും നടപടികൾ ഒന്നുംതന്നെ എടുത്തിട്ടില്ല. ജല സംരക്ഷണ കാര്യത്തിൽ ഏറെ അധികാരങ്ങൾ ലഭിച്ചിട്ടുള്ള ഭൂഗർഭജല അതോറിറ്റിയും നാളിതുവരെയും പ്രത്യക്ഷത്തിലുള്ള നിയമനടപടികളൊന്നും തന്നെ കമ്പനിയ്ക്കെതിരെ സ്വീകരിച്ചതായി അറിവില്ല. മറിച്ച് കോളയെ രക്ഷിക്കുന്നതിനുള്ള താല്പര്യങ്ങൾ ഉണ്ടോയെന്ന് സംശയിക്കത്തക്ക തരത്തിലാണ് പല ഇടപെടലുകളും ഉണ്ടായിട്ടുള്ളത്.

പ്ലാച്ചിമടയിൽ കോള നടത്തിയ അനധികൃതമായ പാടം നികത്തൽ, പുറമ്പോക്കു ഭൂമി കയ്യേറ്റം, നികുതി വെട്ടിപ്പ് തുടങ്ങിയ കാര്യങ്ങളിലും യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല.

നഷ്ടപരിഹാരം ഈടാക്കി കോളകമ്പനി ശാശ്വതമായി അടച്ചുപൂട്ടുക എന്ന എന്തുകൊണ്ടും ന്യായമായ ആവശ്യത്തിന്റെ കാര്യത്തിൽ സർക്കാർ സത്വരമായി ഇടപെടണമെന്നും വിവിധ വകുപ്പുകളിലൂടെ സ്വീകരിക്കേണ്ട നടപടികൾ ഏകോപിപ്പിച്ച് എത്രയുംവേഗം കമ്പനിയെ കുറ്റവിചാരണ ചെയ്യണമെന്നുമാണ് സമരസമിതി ആവശ്യപ്പെടുന്നത്.

### നിയമനിർമ്മാണം

പ്ലാച്ചിമട പ്രശ്നത്തെ ഒരനുഭവപാഠമായ് കണ്ട് ജല സംരക്ഷണ നിയമങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തണമെന്നാണ് സമരസമിതി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത്രാജ് നിയമം ഭൂജല നിയമങ്ങൾ, ജലമലിനീകരണം തടയുന്ന നിയമങ്ങൾ തുടങ്ങിയവയും അനുബന്ധ നിയമങ്ങളും പരിഷ്കരിക്കപ്പെടേണ്ടതുണ്ട്. ജലം ഉൾപ്പെടെയുള്ള പ്രാദേശിക വിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള അവകാശവും അധികാരവും ഗ്രാമസഭകൾക്കും പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കും ലഭിക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തണം. ഇത് തീർച്ചയായും ജലകുത്തകകൾക്ക് നേരിട്ട് കടന്നുവരുന്നതിനുള്ള വഴിയൊരുക്കുന്ന വിധത്തിലായിക്കൂടാത്തതുമാണ്.

### പ്ലാച്ചിമട സമരം ആന്തരിക പ്രതിസന്ധികൾ

മേൽപ്പറഞ്ഞ ആവശ്യങ്ങൾ നേടിയെടുക്കത്തക്ക വിധം പ്ലാച്ചിമട സമരത്തെ ശക്തിപ്പെടുത്തുകയെന്നതാണ് സമരപ്രവർത്തകരുടെയും സമരത്തെ പിന്തുണക്കുന്ന സാമൂഹ്യപ്രവർത്തകരുടെയും മുമ്പിലുള്ള പ്രധാന വെല്ലുവിളി.

സമരപ്രവർത്തകർക്കിടയിലെ ആന്തരിക സംഘർഷങ്ങളും അഭിപ്രായഭിന്നതകളും പ്രയോജനപ്പെടുത്തി സമരത്തെ ക്ഷീണിപ്പിക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ ശ്രമിക്കുന്നത് സാമൂഹിക പ്രവർത്തകരുടെ വിശ്വാസ്യതയെയും ഫലത്തിൽ ജനകീയസമരങ്ങളെത്തന്നെയും തകർക്കുമെന്ന സംഗതി സമരത്തിലേർപ്പെടുന്ന ഓരോരുത്തരും ഓർക്കേണ്ടതാണ്. സമരത്തിന്റെ മൗലികലക്ഷ്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുകയില്ലെന്ന നിശ്ചയദാർഢ്യം കൈവിടാതെതന്നെ, ചില്ലറ അഭിപ്രായ വ്യത്യാസങ്ങളും വ്യക്തിഗതസംഘർഷങ്ങളും ചർച്ചകളിലൂടെ പരിഹരിക്കുന്നതിനുള്ള

സന്നദ്ധതയും നേതൃപാടവവും സമരപ്രവർത്തകർക്കു ണ്ടാകേണ്ടതാണ്.

കൊക്കക്കോളയെ എതിർക്കുകയെന്നാൽ സാമൂഹി കബന്ധങ്ങളിലെ അനീതി ഇല്ലാതാക്കുന്നതിന് ശ്രമി ക്കുക എന്നാണ് അർത്ഥമാക്കുന്നതെങ്കിൽ വ്യക്തിഗത സമീപനങ്ങളുടെ അപര്യാപ്തത തിരിച്ചറിയപ്പെടാതി രിക്കാനാവില്ല.

പ്ലാച്ചിമട സമരം കേവലം ആദിവാസികളുടേതുമാ ത്രമായി ചിത്രീകരിക്കപ്പെടുന്നതും ചുരുക്കാൻ ശ്രമി ക്കുന്നതും സമരലക്ഷ്യങ്ങൾ നേടുന്നതിന് സഹായക രമാകുമെന്നും കരുതിക്കൂടാ. പ്ലാച്ചിമട പ്രശ്നത്തെക്കു റിച്ച് പഠനങ്ങൾ നടത്തിയവരും തങ്ങളുടെ സാമൂഹി കപ്രവർത്തനത്തിന്റെ ഒരു മേഖലയായി സമരത്തെ കണ്ടെത്തിയവരും മാധ്യമപിന്തുണ നൽകിയവരും കലാപരമായ ചിത്രീകരണങ്ങൾ നടത്തിയവരും മറ്റു പലവിധത്തിലുള്ള ഐക്യദാർഢ്യപ്രവർത്തനങ്ങൾ നട ത്തിയവരുമെല്ലാം ഈ രാഷ്ട്രീയസമരത്തിന്റെ മുന്ന ണിയിലെത്താൻ വൈമുഖ്യം കാണിക്കുന്നത് സാമൂ ഹിക പ്രശ്നങ്ങളോടുള്ള ഗൗരവപൂർണ്ണമായ ഒരു സമീ പനത്തെയല്ല സൂചിപ്പിക്കുന്നത്. മാധ്യമങ്ങൾ കൊണ്ടാ ടുന്നിടംവരെ മാത്രമോ പ്രതീകാത്മക മൂലധനലഭ്യ തയെ പോഷിപ്പിക്കുന്നിടംവരെ മാത്രമോ ആയി തങ്ങ ളുടെ പങ്കാളിത്തത്തെ പരിമിതപ്പെടുത്തുന്നതും അതേ സമയം സമരത്തിന്റെ ആധികാരികവക്താക്കളും വ്യാഖ്യാതാക്കളുമായി പ്രത്യക്ഷപ്പെടുന്നതും അപഹാ സ്യമായ ഒരു പ്രവണതയാണെന്നു തന്നെ പറയേണ്ട തുണ്ട്.

പ്ലാച്ചിമടസമരം ഒരു ജീവന്മരണ പോരാട്ടത്തിന്റെ ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ വിശേഷിച്ചും കുറെക്കൂടി പ്രകടമായ സമരപങ്കാളിത്ത ത്തിനുള്ള സന്നദ്ധത മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടു ന്നവരിൽ നിന്നുണ്ടാകുന്നത് ഈ സമരത്തിന് വലിയ കരുത്തുപകരും.

## പ്ലാച്ചിമടയുടെ രാഷ്ട്രീയം

താൽക്കാലിക രാഷ്ട്രീയ ലക്ഷ്യങ്ങളോടെയോ സംഘടനാ താൽപര്യങ്ങളോടെയോ പ്ലാച്ചിമട സമര ത്തിൽ ഇടപെടുന്നവരുണ്ടാകാം. എന്നാൽ പ്ലാച്ചിമട യുടെ രാഷ്ട്രീയം നിർണയിക്കപ്പെടുന്നത് സാമൂഹിക -രാഷ്ട്രീയ ബന്ധങ്ങളിൽ അത് ഏതൊക്കെ തരത്തി ലുള്ള പരിവർത്തനങ്ങൾക്ക് പ്രേരകമായി എന്നതിനെ ആശ്രയിച്ചായിരിക്കും. കാർഷിക പ്രധാനമായ ഒരു ജീവിതസംസ്കൃതിയിൽ ദൃഢമായി ബന്ധിക്കപ്പെട്ട തിന്റെ പേരിലാണ് പ്ലാച്ചിമടയും വിജയനഗറും ഉൾപ്പെ ടുന്ന കോളനികളിൽ ജീവിക്കുന്നവർ ആദിവാസികൾ എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ബഹുരാഷ്ട്ര കുത്തക കമ്പനിയുടെ ആശ്രിതരോ നടത്തിപ്പുകാരോ മുതൽ മയിലമ്മയും അലയാർ രാമദാസും രാമൻകു ട്ടിയും വരെയുള്ള മനുഷ്യർക്കിടയിലെ സാമൂഹ്യബ



ന്ധശ്രേണികളെയും സ്ഥാപനങ്ങളെയും രൂപപ്പെടു ത്തിയ രാഷ്ട്രീയം എന്തെന്ന് മനസ്സിലാക്കുകയും നീതി പൂർവമല്ലാത്ത അതിന്റെ സംവിധാനങ്ങളെ പൊളിച്ചെ ഴുതുകയും ചെയ്യുകയെന്നതാകണം പ്ലാച്ചിമട സമര ത്തിന്റെ ആത്യന്തികലക്ഷ്യം.

രാഷ്ട്രസങ്കല്പങ്ങളെത്തന്നെ തിരുത്തിക്കുറിച്ചും ജനാധിപത്യതത്വങ്ങളെ നോക്കുകുത്തികളാക്കി മാറ്റിയും മൂലധനശക്തികൾ ജനങ്ങളുടെ സ്വത്ത് കൊള്ളയടിക്കുകയും സ്വതന്ത്രസാമ്പത്തിക സാമ്രാജ്യ ങ്ങൾ പടുത്തുയർത്തുകയും ചെയ്യുമ്പോൾ നിസ്സഹാ യമായി നോക്കിനിൽക്കുകയും രാമനാമം ജപിക്കു കയും ചെയ്യുന്നത് പുരോഗമന-ജനപക്ഷരാഷ്ട്രീയ പ്രവർത്തനമല്ല. പ്ലാച്ചിമടയുടെ കാര്യത്തിലും വിപ്ലവ കരമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ നവീനമായ ഒരു കർമ്മപരിസരം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. മനുഷ്യജീവിതം കൂടുതൽ കൂടുതൽ സംഘർഷഭരി തമായിത്തീർന്നുകൊണ്ടിരിക്കുന്ന നവോദാര വികസന കാലഘട്ടത്തിൽ നൈതിക ജാഗ്രതയുടെ പ്രതിരോധ മായി പ്ലാച്ചിമട സമരത്തെ മാറ്റിത്തീർക്കുന്നത് ഇതര നാടുകളിലേയും സമാനപോരാട്ടങ്ങൾക്ക് കരുത്ത് പക രുമെന്നത് തീർച്ചയാണ്.

*ഹരിമൈത്രി, ആദംബസാർ, അങ്കമാലി*


TRAINING PROGRAMS FOR

IELTS TOEFL

SPOKEN ENGLISH

COMPUTER COURSES

C, C++, VB
Java, ·Net
Oracle 9i, C#

SENSORIUM

4th FLOOR, CITY CENTRE, TRICHUR.
0487-2320478, 3093095